പോലീസ് വകുപ്പ്

കേരളം

**No. H1-4579/2023/KAP-I**
കേരള ആംഡ് പോലീസ് ബറ്റാലിയൻ-I,
എറണാകുളം
✉cmdtkap1.pol@kerala.gov.in
✆04842781290
തീയതി. 02-08-2023

**അപ്പെൻഡിക്സ് എച്ച്4**

ശ്രീ. ആൻറണി ജോർജ്, പോലീസ് കോൺസ്റ്റബിൾ ജനറൽ നമ്പർ 8349 ജോലിയിൽ നിന്നും അനധികൃതമായി വിട്ടുനിൽക്കുകവഴി ഗുരുതരമായ അച്ചടക്കലംഘനം കാണിച്ചിരിക്കുന്നു എന്ന ആരോപണത്തിന്മേൽ വിശദമായ ഒരു വാച്യാന്വേഷണം നടത്തി ശിക്ഷണ നടപടി കുറിപ്പുകൾ സമർപ്പിക്കുന്നതിന് ഓഫീസർ കമാൻഡിംഗ് ഡി കമ്പനിയെ അധികാരപ്പെടുത്തികൊണ്ട് ഉത്തരവായിട്ടുള്ളതാണ്.

നിങ്ങൾക്കെതിരായ കുറ്റപത്രം നിങ്ങളെ നേരിൽ കണ്ട് കൈമാറാൻ ശ്രമിച്ചുവെങ്കിലും നിങ്ങളെ കണ്ടെത്താൻ കഴിയാത്തിനാൽ കൈമാറാൻ സാധിച്ചിട്ടില്ലാത്തതാകുന്നു.

ആയതിനാൽ ടി കുറ്റപത്രം പ്രസിദ്ധികരിച്ച് 15 ദിവസത്തിനുള്ളിൽ നിങ്ങളുടെ രേഖാമൂലമുള്ള മറുപടി ലഭിക്കുന്നില്ലായെങ്കിൽ നിങ്ങൾക്ക് ഈ കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ തുടർ നടപടി സ്വികരിക്കുന്നതാണ് എന്ന വിവരം ഇതിനാൽ അറിയിക്കുന്നു.

Jose V George
കമാണ്ടൻറ്

## കുറ്റാരോപണ മെമ്മോ

കേരള ആംഡ് പോലീസ് ഒന്നാം ബറ്റാലിയനിൽ പ്രവർത്തിയെടുത്ത് വന്നിരുന്ന പിസി 8349 ആന്റണി ജോർജ്- നെതിരായുള്ള കുറ്റാരോപണ മെമ്മോ.

I. പിസി 8349 ആന്റണി ജോർജ്ജ് എന്ന നിങ്ങൾ കേരള ആംഡ് പോലീസ് ഒന്നാം ബറ്റാലിയൻ ആസ്ഥാന കമ്പനിയിൽ പ്രവർത്തിയെടുത്തു വരവെ, വിദേശ രാജ്യത്ത് മികച്ച ജോലിയിൽ പ്രവേശിക്കുന്നതിനായി 05.02.2018 തീയതി മുതൽ 5 വർഷത്തെ ശൂന്യവേതന അവധിയിൽ പ്രവേശിച്ചിട്ടുള്ളതും പ്രസ്തുത അവധി അനുവദിച്ച് 6 മാസത്തിനകം തൊഴിൽ ദാതാവിന്റെ വിവരങ്ങൾ അറിയിക്കണമെന്നുള്ള അവധി അനുവദിച്ചു കൊണ്ടുള്ള ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം അറിയിക്കാതെയും അവധിക്കുശേഷം 05.02.2023 തിയതി തിരികെ ജോലിയിൽ പ്രവേശിക്കാതെ ഗുരുതരമായ അച്ചടക്കലംഘനം കാണിച്ചിരിക്കുകയാൽ

II. 1958 ലെ കേരളാ പോലീസ് വകുപ്പ് അന്വേഷണ ശിക്ഷണ, അപ്പീൽ ചട്ടങ്ങളിൽ അനുശാസിക്കും പ്രകാരം നിങ്ങൾക്കെതിരായി അച്ചടക്കനടപടികൾ സ്വീകരിക്കാതിരിക്കുവാൻ കാരണം കാണിക്കൽ ആവശ്യപ്പെട്ടുകൊള്ളുന്നു. നിങ്ങൾക്ക്, നിങ്ങളുടെ പ്രതിവാദ പത്രിക സമർപ്പിക്കുവാൻ ഈ കുറ്റാരോപണ മെമ്മോ കൈപറ്റുന്ന തീയതി മുതൽ 15 ദിവസത്തെ സമയം അനുവദിക്കുന്നു. നിങ്ങളുടെ രേഖാമൂലമുള്ള പ്രതിവാദ പത്രിക നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്ത പക്ഷം ഈ വിഷയത്തിൽ താങ്കൾക്കു യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും. നിങ്ങൾ നേരിട്ട് ബോധിപ്പിക്കുവാൻ ആഗ്രഹിക്കുന്നുവോ, അപ്രകാരം ആഗ്രഹിക്കുവെങ്കിൽ നിശ്ചിത സമയപരിധിക്കുള്ളിൽ പ്രസ്തുതവിവരം അറിയിക്കേണ്ടതാണ്. നിങ്ങളുടെ പ്രതിവാദപത്രിക സമർപ്പിക്കുവാൻ അനുവദിച്ചിരിക്കുന്ന അവസാന തീയതിക്കു മുൻപ് നിങ്ങളുടെ അപേക്ഷ പ്രകാരം മുൻകൂട്ടി നിശ്ചയിക്കുന്ന തീയതിയിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ ആരോപണപത്രികയിൽ പറഞ്ഞിട്ടുള്ളതായ രേഖകൾ പരിശോധിക്കാവുന്നതുമാണ്.

III. മേൽ പറഞ്ഞ കുറ്റത്തിന് ആധാരമായ ആരോപണങ്ങളെ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ചുവടെ ചേർക്കുന്നു.

## ആരോപങ്ങളെ സംബന്ധിച്ച സ്റ്റേറ്റ്മെന്റ്

പിസി 8349 ആന്റണി ജോർജ് എന്ന നിങ്ങൾ , കെ എ പി ഒന്നാം ബറ്റാലിയൻ ആസ്ഥാനകമ്പനിയിൽ പ്രവർത്തിയെടുത്ത് വരവേ, വിദേശ രാജ്യത്തു മികച്ച ജോലിയിൽ പ്രവേശിക്കുന്നതിനായി താങ്കൾ 24.10.2017 ൽ അഞ്ച് വർഷത്തെ ശൂന്യവേതന അവധിക്കു അപേക്ഷിക്കുകയും ബഹു: സംസ്ഥാന പോലീസ് മേധാവി, ബഹു. സർക്കാർ നിശ്ചയിച്ചിട്ടുള്ള വ്യക്തമായ വ്യവസ്ഥയോടെ 25.01.2018-ൽ 5 വർഷത്തെ ശൂന്യവേതന അവധി അനുവദിക്കുകയും താങ്കളുടെ അപേക്ഷപ്രകാരം 05.02.2018 മുതൽ

പ്രസ്തുത അവധി കെ എ പി ഒന്നാം ബറ്റാലിയൻ കമാണ്ടന്റ് അനുവദിച്ച് താങ്കൾ അവധിയിൽ പ്രവേശിച്ചിട്ടുള്ളതുമാണ്. അവധി അനുവദിച്ച് 6 മാസത്തിനകം തൊഴിൽ ദാതാവിന്റെ വിവരങ്ങൾ അറിയിക്കണമെന്നു താങ്കളെ അറിയിച്ചതിൽ, താങ്കൾ ജോലിക്കായി ഒരു കോഴ്സ് ചെയ്തു വരികയാണെന്നും പ്രസ്തുത കോഴ്സ് 2019 ഏപ്രിലിൽ അവസാനിച്ച ശേഷം എല്ലാ രേഖകളും ഹാജരാക്കുന്നതാണെന്ന് താങ്കൾ അറിയിച്ചിട്ടുള്ളതുമാണ്. എന്നാൽ തൊഴിൽ ദാതാവിനെ സംബന്ധിച്ച പ്രസ്തുത രേഖകൾ താങ്കൾ ഹാജരാക്കിയിട്ടില്ലാത്തതുമാണ്. കൂടാതെ 5 വർഷത്തെ അവധിക്കു ശേഷം 05.02.2023 തീയതി താങ്കൾ തിരികെ ജോലിയിൽ പ്രവേശിക്കേണ്ടതായിരുന്നു. എന്നാൽ കലാവധി കഴിഞ്ഞിട്ടും താങ്കൾ ഹാജരാകുകയോ, ഹാജരാകാതെയിരിക്കുന്നതിനുള്ള കാരണം ബോധിപ്പിക്കുകയോ ചെയ്തിട്ടില്ലാത്തതുമാണ്. ഇത് സംബന്ധിച്ച് കെ എ പി ഒന്നാം ബറ്റാലിയൻ ബഹു: കമാണ്ടന്റ് നോട്ടീസ് നൽകിയിട്ടുള്ളതും താങ്കളുടെ അസാന്നിദ്ധ്യത്തിൽ താങ്കൾക്ക് വേണ്ടി താങ്കളുടെ പിതാവ് 28.02.2023 തീയതി കൈപ്പറ്റിയിട്ടുള്ളതുമാണ്. പ്രസ്തുത നോട്ടീസിൽ 10.03.2023 തീയതിവരെ താങ്കൾക്കു തിരികെ ഹാജരാകുന്നതിനുള്ള സമയം അനുവദിച്ചിരുന്നുവെങ്കിലും താങ്കൾ പ്രസ്തുത ഉത്തരവ് നിരാകരിക്കുകയാണ് ഉണ്ടായത്. ഇപ്രകാരം താങ്കളുടെ അപേക്ഷ പ്രകാരം ബഹു: സംസ്ഥാന സർക്കാർ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം 05.02.2018 മുതൽ 5 വർഷത്തെ ശൂന്യവേതന അവധിയിൽ പ്രവേശിച്ച താങ്കൾ 6 മാസത്തിനകം തൊഴിൽ ദാതാവിന്റെ വിവരങ്ങൾ അറിയിക്കാതെയിരിക്കുകയും അവധിക്കുശേഷം 05.02.2023 തീയതി ജോലിയിൽ പ്രവേശിക്കാതിരിക്കുകയും ചെയ്യുകവഴി നിങ്ങൾ അച്ചടക്കത്തിന് പരമ പ്രധാന്യം കൽപ്പിക്കുന്ന ആംഡ് പോലീസ് ബറ്റാലിയനിലെ ഒരാംഗമെന്ന നിലയിൽ ഗുരുതരമായ അച്ചടക്ക ലംഘനം ചെയ്തിരിക്കുന്നു എന്നു പ്രഥമദൃഷ്ട്യാ ബോധ്യമായതിനാൽ മേൽപറഞ്ഞ ആരോപങ്ങളെ സംബന്ധിച്ച് 1958 ലെ കേരള പോലീസ് വകുപ്പ് അന്വേഷണ, ശിക്ഷണ അപ്പീൽ ചട്ടങ്ങൾ അനുശാസിക്കും പ്രകാരം നിങ്ങൾക്കെതിരെ വിശദമായ ഒരു വാച്യാന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ബഹു: കമാണ്ടന്റ് കെ എ പി ഒന്നാം ബറ്റാലിയൻ അവർകൾ ഉത്തരവ് No. H1-4579/2023/KAP-1 തീയതി 17.03.2023 പ്രകാരം ഈ യൂണിറ്റിലെ ഓഫീസർ കമ്മാണ്ടിങ് ഡി കമ്പനിയെ അധികാരപ്പെടുത്തിയതനുസരിച്ചാണ് ഈ കുറ്റാരോപണമെമ്മോ തയ്യാറാക്കിയിട്ടുള്ളതാണ്

ഈ അന്വേഷണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന സാക്ഷികളെ വാദി ഭാഗം സാക്ഷികളായും രേഖകളെ വാദി ഭാഗം രേഖകളായും ഉൾപ്പെടുത്തിയിരിക്കുന്നു. ആവശ്യമാകുന്ന പക്ഷം കൂടുതൽ സാക്ഷികളെ ഉൾപ്പെടുത്തുന്നതും രേഖകളെ തെളിവിലേക്കായി സ്വീകരിക്കുന്നതുമായിരിക്കും.

സാക്ഷികൾ

I. ഓഫീസർ കമാണ്ടിങ്, ആസ്ഥാന കമ്പനി,കെഎപി 1
II. ഐ ജെ ജോർജ്ജ് , ഇല്ലിക്കപ്പറമ്പിൽ, ചേരാനല്ലൂർ പി ഒ, കൊച്ചി എർണാകുളം
III. ജോസ് ആന്റണി , പി സി 10279, ഡി കമ്പനി കെ എ പി 1

രേഖകൾ

I. Order No.14-201596/2017/ PHQ dated 25.01.2018 പ്രകാരം ബഹു: സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ്.
II. BO No.63/2018/KAP 1 Dated 05.02.2018 പ്രകാരം ബഹു: കമാണ്ടന്റ് KAP 1 അവർകളുടെ ഉത്തരവ്
III. No A5(b) -20799/2018/ KAP1 തീയതി 24.09.2018 പ്രകാരം ബഹു: കമാണ്ടന്റ് KAP 1 ബറ്റാലിയൻ അവർകളുടെ അറിയിപ്പ്
IV. 03.010.2018 തീയതി പിസി 8349 ആന്റണി ജോർജ്ജ് , ഇല്ലിക്കപ്പറമ്പിൽ ഹൌസ് , ചേരാനല്ലൂർ , കൊച്ചിൻ 682034, കമാണ്ടന്റ് , കെ എ പി 1 ബറ്റാലിയൻ തൃശ്ശൂർ നു സമർപ്പിച്ച അപേക്ഷ.
V. B&B Nursing Ltd എന്ന ലെറ്റർ ഹെഡിലുള്ള കോഴ്സ് സർട്ടിഫിക്കറ്റ്
VI. No A5(b)-3261/2023/KAP 1 DTD 27/02/2023 പ്രകാരം ബഹു:കമാണ്ടന്റ് കെ എ പി ഒന്ന് ബറ്റാലിയൻ , പി സി 8349 ആന്റണി ജോർജിനെ LWA കഴിഞ്ഞ വിവരം അറിയിച്ച നോട്ടീസ്
VII. No A5(b)-3261/2023/KAP 1 DTD 27/02/2023 പ്രകാരം ബഹു:കമാണ്ടന്റ് കെ എ പി ഒന്ന് ബറ്റാലിയൻ ,പി സി 8349 ആന്റണി ജോർജ് –ന് നല്കിയ നോട്ടീസ്
VIII. പി സി 10279 ജോസ് ആന്റണി ഡി കമ്പനി കെ എ പി ഒന്ന്,ഓഫീസർ കമാണ്ടിങ്,ആസ്ഥാന കമ്പനി കെ എ പി ഒന്ന് ബറ്റാലിയൻ-ന് സമർപ്പിച്ച റിപ്പോർട്ട്
IX. C No. 438/2023/HQ/KAP 1 DTD 01/03/2023 പ്രകാരം ഓഫീസർ കമാണ്ടിങ് HQ കമ്പനി,ബഹു: കമാണ്ടന്റ് കെ എ പി ഒന്ന് മുൻപാകെ സമർപ്പിച്ച റിപ്പോർട്ട്
X. C No. 450/2023/HQ/KAP1 തീയതി 03.03.2023 പ്രകാരം ഓഫീസർ കമാണ്ടിങ്, HQ കമ്പനി, ബഹു: കമാണ്ടന്റ് KAP1 മുൻപാകെ സമർപ്പിച്ച റിപ്പോർട്ട്

ഈ കുറ്റാരോപണ മെമ്മോയുടെ രണ്ട് പകർപ്പുകൾ താങ്കൾക്കു നൽകുന്നു. ഒരു പകർപ്പ് കൈപ്പറ്റി മറുപകർപ്പിൽ കൈപറ്റുന്ന തീയതി, സമയം, കൈയൊപ്പ്, പേര്, ഔദ്യോഗിക മേൽവിലാസം എന്നിവ രേഖപ്പെടുത്തി തിരികെ നൽകേണ്ടതാണ്.

ഓഫീസർ കമാണ്ടിങ്,
ഡി കമ്പനി,KAP 1 Bn
തൃപ്പൂണിത്തുറ
(അന്വേഷണ ഉദ്യോഗസ്ഥൻ)

അംഗീകരിച്ചു

Commandant,
Kerala Armed Police -1 Bn.,
Tripunithura, Ernakulam.